കേരള സർക്കാർ

നമ്പർ. 47316/ഡിബി2/09/ത.സ്വ.ഭ.വ. തദ്ദേശസ്വയംഭരണ (ഡിബി) വകുപ്പ്

തിരുവനന്തപുരം, തീയതി: 20/3/2010

# സർക്കുലർ

വിഷയം:- തദ്ദേശസ്വയംഭരണ വകുപ്പ് – വൃദ്ധ സദനം–പശ്ചാത്തല സൗകര്യം ഒരുക്കൽ– അഭയക്രേന്ദങ്ങളുടെ നിർമ്മാണം–ക്ഷേമ വകുപ്പിലെ സൂപ്രണ്ടുമാരെ നിർവ്വഹണ ഉദ്യോഗസ്ഥരായി നിയമിക്കുന്നത്– സംബന്ധിച്ച്.

സൂചന:- 27/1/10–ലെ കോർഡിനേഷൻ കമ്മിറ്റിയുടെ 1.4(4)/(5) നമ്പർ തീരുമാനം

സീനിയർ സിറ്റിസൺസ് നിയമപ്രകാരം വൃദ്ധസദനത്തിൽ 150 അന്തേവാസികളെ താമസിപ്പിക്കുന്നതിനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തേണ്ടതുണ്ട്. ഇതിനായി ജില്ലയിലെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും വിഹിതം സമന്വയിപ്പിച്ച് പശ്ചാത്തല സൗകര്യങ്ങൾ ഏർപ്പെടുത്താവുന്നതാണ്. ജില്ലാ ആസൂത്രണ സമിതിയുടെ ചുമതലയിൽ 2010–11 വാർഷിക പദ്ധതിയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പ്രോജക്ട് ആവിഷ്ക്കരിച്ച് നടപ്പാക്കേണ്ടതാണ്.

ഗാർഹിക പീഢനത്തിന് ഇരയാകുന്ന സ്ത്രീകളെ താൽക്കാലികമായി താമസിപ്പിക്കുന്നതിന് ഓരോ ജില്ലയിലും ഓരോ അഭയകേന്ദ്രം (shelter homes) ആരംഭിക്കണമെന്ന് ഗാർഹിക പീഢന നിരോധന നിയമം അനുശാസിക്കുന്നുണ്ട്. നഗരസഭകൾക്കും ബ്ലോക്ക് പഞ്ചായത്തുകൾക്കും കൈമാറിയിട്ടുള്ള ക്ഷേമ സ്ഥാപനങ്ങളോട് അനുബന്ധിച്ച് ഒരു ജില്ലയിൽ ഒന്ന് എന്ന രീതിയിലാണ് നിലവിൽ കേന്ദ്രം പ്രവർത്തിക്കുന്നത്. നിയമം അനുശാസിക്കുന്നതു പ്രകാരമുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തി അഭയ കേന്ദ്രങ്ങൾ നിർമ്മിക്കേണ്ടതുണ്ട്. ഇതിന്റെ ടൈപ്പ് ഡിസൈൻ സാമൂഹ്യക്ഷേമ വകുപ്പ് തയ്യാറാക്കുന്നതാണ്. ജില്ലയിലെ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ വിഹിതം സമന്വയിപ്പിച്ച് അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്താവുന്നതാണ്. ഇതിനുള്ള വിഹിതം വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതാണ്.

അന്നമ്മ ഡാനിയേൽ
അഡീഷണൽ സെക്രട്ടറി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

എല്ലാ ജില്ലാപഞ്ചായത്ത് പ്രസിഡന്റുമാർക്കും
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
സാമൂഹ്യക്ഷേമ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം

എല്ലാ ജില്ലാ കളക്ടർമാർക്കും (സെക്രട്ടറി ഡി.പി.സി)

എല്ലാ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാർക്കും (ഗ്രാമവികസന കമ്മീഷണർ മുഖാന്തിരം)

എല്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്: ബന്ധപ്പെട്ട എല്ലാവർക്കും പകർപ്പ് ലഭ്യമാക്കുന്നതിനായി

കരുതൽ ഫയൽ/ഓഫീസ് കോപ്പി